"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നാഷണൽ ഹെൽത്ത് മിഷൻ- സംസ്ഥാനത്തെ ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയത്തിൽ 1,000/- രൂപയുടെ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ.(കൈ) നം.69/2026/H&FWD തിരുവനന്തപുരം, തീയതി, 28-02-2026

---

പരാമർശം:- 01.11.2025 തിയതിയിലെ സ.ഉ(സാധാ)നം.375/2025/H&FWD നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007 ലാണ് കേരളത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ പദ്ധതി ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും ആശമാരുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രിഷൻ കമ്മിറ്റിയിൽ ആശയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശ എന്ന രീതിയിൽ നിലവിലുള്ള ആശാമാരെ 2018-ൽ പുനഃക്രമീകരിക്കുകയുണ്ടായി. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാമാരെ തിരഞ്ഞെടുക്കുകയും നിലവിൽ 21529 പേർ ഗ്രാമ പ്രദേശങ്ങളിലും 4104 പേർ നഗരപ്രദേശങ്ങളിലും 492 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26125 പേർ 14 ജില്ലകളിലായി പ്രവർത്തിച്ചവരുന്നു. രാജ്യത്ത് ആദ്യമായി ആശാ വർക്കർമാർക്ക് ഓണറേറിയം അനുവദിച്ച സംസ്ഥാനമാണ് കേരളം. നിലവിൽ ഉപാധി രഹിതമായി അനുവദിക്കുന്ന ഹോണറേറിയം പരാമശം (1) ലെ ഉത്തരവ് പ്രകാരം 2025 നവംബർ മാസം പ്രാബല്യത്തിൽ 1000/- രൂപ വർദ്ധനവ് വരുത്തി പ്രതിമാസ ഓണറേറിയം 8,000/- രൂപയായി നൽകി വരികയും ചെയ്യുന്നു. തുടർന്ന് 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 18 പ്രകാരം ആശ വർക്കർമാരുടെ പ്രതിമാസ വേതനത്തിൽ 1000/- രൂപയുടെ വർദ്ധനവ് വരുത്തുന്നതിന് പ്രഖ്യാപിച്ചിട്ടുമുണ്ട്.

2. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ ആശാ വർക്കാർമാരുടെ പ്രതിമാസ ഓണറേറിയം നിലവിലുള്ള 8,000/- രൂപയിൽ നിന്നും 1,000/- രൂപ വർദ്ധനവ് വരുത്തി 9,000/- രൂപ (ഒമ്പതിനായിരം രൂപ മാത്രം) യായി ഉയർത്തി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവിന് 2026 ഏപ്രിൽ 1 മുതൽ

പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ധനകാര്യ വകുപ്പ് (D.O. No:-3427698/BDS-2/6/2026-FIN dated 24/02/2026)
തദ്ദേശ സ്വയം ഭരണ വകുപ്പ്
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി ( FW1/157/2022-HEALTH-Part(3))

ഉത്തരവിൻ പ്രകാരം
Signed by
Vipin Kumar. S
Date: 28-02-2026 16:11:15
സെക്ഷൻ ഓഫീസർ